LIBRARY ARCHIVES Kerala Legislative Assembly

മണ്ണാർക്കാട് താലൂക്കിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം

48 [1149] ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് വളരെ പിന്നിൽ നിൽക്കുന്ന മണ്ണാർക്കാട് താലൂക്കിൽ ഏതെങ്കിലും ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല. നിർദ്ദേശം പരിശോധിക്കാവുന്നതാണ്.

മത വിദ്യാഭ്യാസത്തിന് പൊതു വിഷയങ്ങൾകൂടി പഠിപ്പിക്കുന്ന മദ്രസകൾക്ക് ഗ്രാന്റ്

49 [1150] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത വിദ്യാഭ്യാസത്തിന് പൊതു വിഷയങ്ങൾ കൂടി പഠിപ്പിക്കുന്ന മദ്രസകൾക്ക് ഗ്രാന്റ് നൽകുന്നതിനുള്ള പദ്ധതി കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഗ്രാന്റിനായി മദ്രസകളിൽ നിന്ന് അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടോ ; ഏതെങ്കിലും മദ്രസകൾക്ക് ഗ്രാന്റ് നൽകിയിട്ടുണ്ടോ ;

(സി) പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന മുസ്ലീം കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി ഈ ഫണ്ട് ഉപയോഗിക്കുന്നതിന് കേന്ദ്രത്തിന്റെ അനുവാദം തേടുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഈ പദ്ധതി കേരളത്തിലും നടപ്പാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. ഈ സാമ്പത്തിക വർഷം ഇതുവരെ കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവദിച്ചുകിട്ടിയിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

കായംകുളത്ത് പോളിടെക്നിക്ക് ആരംഭിക്കാൻ നടപടി

50 [1151] ശ്രീ. എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ ഏതെങ്കിലും പോളിടെക്നിക്ക് പ്രവർത്തിക്കുന്നുണ്ടോ ;

(ബി) കായംകുളം ജൂനിയർ ടെക്നിക്കൽ സ്കൂളിനോടനുബന്ധിച്ച് ഒരു പോളിടെക്നിക്ക് ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?